ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 15.12.2024**

## പ്രധാനവാർത്തകൾ

1. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പടവാളാകാൻ പുസ്തകങ്ങൾക്ക് കഴിയുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലൈബ്രേറിയൻ മാർക്കും ലൈബ്രറി സെക്രട്ടറിമാർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി.
2. സംസ്ഥാനത്ത് തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ചൊവ്വാഴ്ച ഉന്നതതല യോഗം ചേരുമെന്ന് ഗതാഗത മന്ത്രി കെ. ബി ഗണേഷ് കുമാർ.
3. ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിനായി ഹരിത കേരള മിഷൻ സംഘടിപ്പിക്കുന്ന 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിൻറെ മൂന്നാംഘട്ടം മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു.
4. മുതിർന്ന ചലച്ചിത്ര നടിമാർക്ക് ആദരവുമായി കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ മൂന്നാം ദിനം. മേളയിൽ ആവേശത്തോടെ പങ്കെടുത്ത് ചലച്ചിത്രാസ്വാദകർ.
5. സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗോവയ്ക്കെതിരെ കേരളത്തിന് ജയം.
6. ബോർഡർ - ഗാവസ്കർ ട്രോഫി മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയ ശക്തമായ നിലയിൽ.

*************************************

## നാലാമത് ദേശീയ സമ്മേളനം

ചീഫ് സെക്രട്ടറിമാരുടെ നാലാമത് ദേശീയ സമ്മേളനത്തിന് ഡൽഹിയിൽ ഇന്ന് സമാപനം. സമാപന സമ്മേളനത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. പൊതുവായ വികസന അജണ്ടയുടെ നടത്തിപ്പിൽ സംസ്ഥാനങ്ങളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് സമ്മേളനം ഊന്നൽ നൽകിയത്. വെള്ളിയാഴ്ചയാണ് സമ്മേളനം ആരംഭിച്ചത്.

************************************

## മുഖ്യമന്ത്രി - കാസർഗോഡ് - ഇൻട്രോ

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പടവാളാകാൻ പുസ്തകങ്ങൾ പകരുന്ന വെളിച്ചം ഉപകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ സർവകലാശാലകളിലെ ഡിജിറ്റലൈസ് ചെയ്ത പുസ്തകങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ഗ്രന്ഥശാല സംഘം ശ്രദ്ധിക്കണമെന്നും മുഖ്യമന്ത്രി.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ....**

(വോയ്സ്)

ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിലെ സെക്രട്ടറി മാർക്കും ലൈബ്രേറിയൻ മാർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. 15,000 പേരാണ് പദ്ധതിയുടെ ഗുണഭോക്താക്കളാവുക.

************************************

## വി.എൻ വാസവൻ - വിഴിഞ്ഞം പദ്ധതി

വിഴിഞ്ഞം തുറമുഖത്തിൻറെ ഔദ്യോഗിക ഉദ്ഘാടനത്തിന് പ്രധാനമന്ത്രിയെ ക്ഷണിച്ചതായും അദ്ദേഹത്തിൻറെ തീയതി അനുസരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുമെന്നും മന്ത്രി വി.എൻ. വാസവൻ. വിഴിഞ്ഞം പദ്ധതിക്കുള്ള വി ജി എഫ് ഫണ്ട് ഗ്രാൻറായി നൽകണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചതായും, കത്തിൻറെ മറുപടി പ്രതീക്ഷിച്ചിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു. 217.08 കോടി രൂപ വായ്പയായി മാത്രമേ അനുവദിക്കൂ എന്ന കേന്ദ്ര നിലപാട് വിവേചനപരമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

************************************

## ഗതാഗത മന്ത്രി - പത്തനംതിട്ട അപകടം

RNUTVPM

സംസ്ഥാനത്ത് തുടർച്ചയായി റോഡപകടങ്ങൾ ഉണ്ടാകുന്ന പശ്ചാത്തലത്തിൽ ചൊവ്വാഴ്ച ഉന്നതതല യോഗം ചേരുമെന്ന് ഗതാഗത മന്ത്രി കെ.ബി ഗണേഷ് കുമാർ. പത്തനംതിട്ട കൂടൽ മുറിഞ്ഞകല്ലിൽ കാറും മിനി ബസും കൂട്ടിയിടിച്ച് ഒരു കുടുംബത്തിലെ നാലു പേർ മരിച്ച സംഭവത്തിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. വാഹനങ്ങൾ ലൈൻ ലംഘിക്കുന്നത് അപകട കാരണമാകാറുണ്ടെന്നും സ്വിഫ്റ്റ് ബസ് ഡ്രൈവർമാർക്ക് ഉൾപ്പെടെ കൃത്യമായ പരിശീലനം നൽകുമെന്നും മന്ത്രി പറഞ്ഞു.

************************************

## ഇനി ഞാനൊഴുകട്ടെ - ഇൻട്രോ

ജലസ്രോതസ്സുകളുടെയും നീർച്ചാലുകളുടെയും വീണ്ടെടുപ്പ് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന

'ഇനി ഞാനൊഴുകട്ടെ' ജനകീയ ക്യാംപയിൻ മൂന്നാംഘട്ടത്തിന് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം പാലക്കാട് തൃത്താല മണ്ഡലത്തിലെ കണ്ണനൂരിൽ മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

***********************************

## കാനാമ്പുഴ - കണ്ണൂർ

കണ്ണൂർ കോർപ്പറേഷനിലെ കാനാമ്പുഴ പുനരുജ്ജീവനത്തിന്റെ ഭാഗമായി ഇന്ന് ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ജനകീയ കൂട്ടായ്മയോടെയായിരുന്നു ശുചീകരണം. പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ട പൂർത്തീകരണ ഉദ്ഘാടനം ഈ മാസം 26 ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

RNU TVPM

***********************************

## നോർക്ക റൂട്ട്സ്

നോർക്ക റൂട്ട്സ്, ലോക കേരള സഭ സെക്രട്ടറിയേറ്റിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പ്രവാസി ദിനാചരണം ബുധനാഴ്ച കോഴിക്കോട് നടക്കും. ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദേശം നൽകും. മന്ത്രി വി. അബ്ദുറഹിമാൻ പരിപാടി ഉദ്ഘാടനം ചെയ്യും. നോർക്ക വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ അധ്യക്ഷത വഹിക്കും. നോർക്ക പദ്ധതികളുടെ അവതരണം, ചർച്ചകൾ തുടങ്ങിയവയും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്. വൈകുന്നേരം നടക്കുന്ന

സമാപന സമ്മേളനം കെ.ടി ജലീൽ എം.എൽ.എ ഉദ്ഘാടനം ചെയ്യും.

***********************************

## IFFK - തിരക്ക്

തിരുവനന്തപുരത്ത് നടക്കുന്ന കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ മൂന്നാം ദിനം എല്ലാ തിയേറ്ററുകളിലും ചലച്ചിത്രാസ്വാദകരുടെ വൻ തിരക്കാണ് അനുഭവപ്പെട്ടത്. വ്യത്യസ്തമായ കഥകളും അവതരണ ശൈലിയുമാണ് മേളയിലെ സിനിമകളെ ജനപ്രിയമാക്കുന്നത്. വൈവിധ്യമാർന്ന വിഷയങ്ങളും രസകരമായ ചർച്ചകൾക്കും വഴിയൊരുക്കി നടന്ന മീറ്റ് ദി ഡയറക്ടർ പരിപാടി പ്രത്യേക ശ്രദ്ധനേടി. നിർമിത ബുദ്ധിയുടെ സാധ്യതകൾ, നിർമാണ ചെലവിന്റെ അപര്യാപ്തതകൾ തുടങ്ങി ചലച്ചിത്ര നിർമാണത്തിന്റെ വിവിധ വശങ്ങളെപ്പറ്റിയുള്ള സംവാദ വേദിയായിരുന്നു ഇന്ന് നടന്ന മീറ്റ് ദ ഡയറക്ടർ പ്രോഗ്രാം.

RNU TVPM

***********************************

## ഐ എഫ് എഫ് കെ - ഇൻട്രോ

ചലച്ചിത്രമേളയോടനുബന്ധിച്ച് ഇന്നലെ ആരംഭിച്ച 50 ലോക ചലച്ചിത്ര ആചാര്യൻമാർക്ക് ആദരമർപ്പിക്കുന്ന "സിനിമ ആൽക്കെമി -എ ഡിജിറ്റൽ ആർട്ട് ട്രിബ്യൂട്ട് " എന്ന ഡിജിറ്റൽ പെയിന്റിംഗ് പ്രദർശനം ചലച്ചിത്രാസ്വാദകരുടെ ശ്രദ്ധ ആകർഷിക്കുകയാണ്. പ്രദർശനത്തിൻറെ ക്യുറേറ്ററും പ്രശസ്ത സംവിധായകനുമായ ടി കെ രാജീവ് കുമാർ ആകാശവാണി വാർത്തകളോട് ....

(വോയിസ്)

മേളയോടനുബന്ധിച്ച് മുതിർന്ന ചലച്ചിത്ര നടിമാർക്ക്

ആദരം അർപ്പിക്കുന്ന മറക്കില്ലൊരിക്കലും പരിപാടി നിശാഗന്ധിയിൽ നടന്നു.

************************************

## സന്തോഷ് ട്രോഫി

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് രാവിലെ നടന്ന മത്സരത്തിൽ കേരളത്തിന് ജയം. ഗോവയെ 4 – 3 നാണ് കേരളം പരാജയപ്പെടുത്തിയത്.

************************************

## ക്രിക്കറ്റ്

ബോർഡർ - ഗാവസ്കർ ട്രോഫിയിലെ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിനം കളി അവസാനിച്ചപ്പോൾ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയ 7 വിക്കറ്റ് നഷ്ടത്തിൽ 405 റൺസെന്ന ശക്തമായ നിലയിൽ. ഓസ്ട്രേലിയയ്ക്കായി ട്രാവിസ് ഹെഡും, സ്റ്റീവ് സ്മിത്തും സെഞ്ച്വറി നേടി. ജസ്പ്രീത് ബുംറ 72 റൺസ് വഴങ്ങി അഞ്ച് വിക്കറ്റ് വീഴ്ത്തി. ഇന്നലത്തെ കളി മഴമൂലം ഉപേക്ഷിച്ചിരുന്നു.

RNU TVPM

************************************

## വനിതാ ടി -20

ഇന്ത്യ-വെസ്റ്റിൻഡീസ് വനിതാ ടി -20 പരമ്പരയ്ക്ക് ഇന്ന് തുടക്കം. നവി മുംബയിലെ ഡിവൈ പാട്ടീൽ സ്റ്റേഡിയത്തിൽ അല്പസമയത്തിനകം കളി ആരംഭിക്കും. മൂന്നു മത്സരങ്ങൾ അടങ്ങിയതാണ് പരമ്പര.

************************************

## ജൂനിയർ ഏഷ്യ കപ്പ് ഹോക്കി

ജൂനിയർ ഏഷ്യ കപ്പ് ഹോക്കി ഫൈനലിനായി ഇന്ത്യൻ വനിതകൾ ഇന്നിറങ്ങും. രാത്രി 8.30 ന് ചൈനക്കെതിരെ മസ്കറ്റിലാണ് കലാശപ്പോരാട്ടം. പൂൾ തല മത്സരത്തിൽ ചൈന ഇന്ത്യയെ 2-1 ന് കീഴടക്കിയിരുന്നു. നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ, ജപ്പാനെ 3-1 ന് പരാജയപ്പെടുത്തിയാണ് ഫൈനൽ യോഗ്യത നേടിയത്.

****************************************

## ശബരിമല - വി.എൻ വാസവൻ

ശബരിമല കാനന പാതയിൽ മരണമടഞ്ഞ തീർത്ഥാടകൻറെ ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ച ഇൻഷുറൻസ് തുക നൽകുമെന്ന് മന്ത്രി വി.എൻ വാസവൻ. ഇത്തവണ ശബരിമലയിലേക്ക് തീർത്ഥാടകരുടെ പ്രവാഹമാണെന്നും മന്ത്രി അറിയിച്ചു. സുഗമമായി ദർശനം നടത്താൻ സാധിക്കുന്നതിനാലാണ് കൂടുതൽ തീർത്ഥാടകർ എത്തുന്നതെന്നും സർക്കാരിൻറെയും ദേവസ്വം ബോർഡിൻറെയും മുന്നൊരുക്കങ്ങൾ കൊണ്ടാണ് ഇത് സാധ്യമാക്കാൻ കഴിഞ്ഞതെന്നും അദ്ദേഹം പറഞ്ഞു.

PIU TVPM

****************************************

## കാട്ടാന ആക്രമണം

വയനാട്ടിൽ വീണ്ടും കാട്ടാന ആക്രമണം. വയനാട് പുൽപ്പള്ളി ചേകാടി ചന്ദ്രോത്ത് വനഭാഗത്താണ് കാട്ടാന ആക്രമണത്തിൽ ഒരാൾക്ക് ഗുരുതര പരിക്കേറ്റത്. നിർമ്മാണ തൊഴിലാളിയായ പാലക്കാട് സ്വദേശി സതീഷിനാണ് പരിക്കേറ്റത്. ഇയാളെ മാനന്തവാടി

മെഡിക്കൽ കോളേജിലെ പ്രാഥമിക ചികിത്സയ്ക്കുശേഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ കൊണ്ടുപോയി.

*****************************************************

***********************************

*********************

RNU TVPM